വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഈ ഗവണ്മെന്റ് ഗ്യാരന്റി നൽകിയിട്ടുള്ള വ്യവസായസ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. എം. രാമുണ്ണി: ഇങ്ങനെ ഗ്യാരന്റി കൊടുക്കുന്നതു സംബന്ധിച്ച് ഗവണ്മെന്റ് അംഗീകരിച്ച എന്തെങ്കിലും വ്യക്തമായ നടപടിക്രമങ്ങളുണ്ടോ? ഏതെങ്കിലും പ്രത്യേകതരം സ്ഥാപനങ്ങൾക്കേ കൊടുക്കാവൂ എന്നുണ്ടോ?

ശ്രീ ടി. വി. തോമസ്: സെക്യൂരിറ്റി ഉണ്ടായിരിക്കണം. റീപ്പേമെന്റ് കപ്പാസിറ്റിയുമുണ്ടായിരിക്കണം; ക്യാബിനറ്റ് ആലോചിച്ച് തീരുമാനമെടുക്കണം.

ശ്രീ. എം. രാമുണ്ണി: അറുനൂറിൽപ്പരം തൊഴിലാളികൾ ജോലിചെയ്യുന്ന ഒരു സ്ഥാപനം സാമ്പത്തികശേഷിയില്ലാതെ പൂട്ടിയിടുകയാണെങ്കിൽ അതു തൊഴിലാളികൾ ഏറ്റെടുത്തു നടത്തുന്നതിനുവേണ്ടി ഗ്യാരന്റി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: ഏതു സ്ഥാപനമാണെന്നറിഞ്ഞാൽ പറയാം.

ശ്രീ. എം. രാമുണ്ണി: ഫറോക്കിൽ ചെറുവണ്ണൂരിലുള്ള മധുര കമ്പനിയുടെ വകയായ ടൈൽ ഫാക്ടറി തൊഴിലാളികൾ ഏറ്റെടുത്തു നടത്തുന്നതിനായി ഗ്യാരന്റി നൽകുവാൻ ഗവണ്മെന്റിനെ സമീപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ ഫാക്ടറി അങ്ങനെ നടത്താനാവശ്യമായ ഗ്യാരന്റി നൽകുന്ന കാര്യം പരിഗണിക്കാമോ?

ശ്രീ. ടി. വി. തോമസ്: അങ്ങനെയൊരു ഫാക്ടറി ഗ്യാരന്റി ചോദിച്ചിട്ടില്ല.

ശ്രീ. ഇ. അഹമ്മദ്: ചെറുകിടവ്യവസായസ്ഥാപനങ്ങൾക്കും ഇടത്തരം വ്യവസായസ്ഥാപനങ്ങൾക്കും പ്രത്യേക പരിഗണന നൽകുവാൻ തയ്യാറാകുമോ?

ശ്രീ. ടി. വി. തോമസ്: ഗ്യാരന്റി കൊടുക്കുന്നതു സെക്യൂരിറ്റിയും റീപ്പേമെന്റ് കപ്പാസിറ്റിയും നോക്കിയാണ്. അതില്ലാത്ത സ്ഥാപനങ്ങൾക്ക് കൊടുക്കുകയില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: ചെറുവണ്ണൂരെ ഫാക്ടറിക്ക് ഗ്യാരന്റി കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. വി. തോമസ്: ചോദിക്കാത്തവർക്ക് കൊടുക്കാമെന്നു പറയേണ്ട ആവശ്യമുണ്ടോ?

Dry Cell Factory

* 116. [415] ശ്രീ. എൻ. കെ. ശേഷൻ: താഴെ കാണുന്ന ചോദ്യത്തിനു വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ തുടങ്ങാനുദ്ദേശിക്കുന്ന Dry Cell Factory എന്നു തുടങ്ങുമെന്നു പറയാമോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്): കേന്ദ്രഗവണ്മെന്റിന്റെ അനുമതി കിട്ടിക്കഴിഞ്ഞ സ്ഥിതിക്ക് വലിയ താമസം ഉണ്ടാവുകയില്ല.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ: അതിന്റെ പ്രോജക്ട് റിപ്പോർട്ട് വല്ലതും ആയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: പ്രോജക്ട് റിപ്പോർട്ട് നല്ലതുപോലെ പരിശോധിക്കാതെ നിവൃത്തിയുണ്ടെങ്കിൽ അനുമതി തരാതിരിക്കാൻ ശ്രമിക്കുന്ന കേന്ദ്രഗവണ്മെന്റ്—പ്രോജക്ട് റിപ്പോർട്ടില്ലാതെ അനുമതി നൽകുമെന്നു വിചാരിക്കുന്നതു് ശരിയായിരിക്കുകയില്ലല്ലോ.

ശ്രീ. എൻ. കെ. ശേഷൻ: ഫാറിൻ കൊളാബറേഷൻ വല്ലതുമുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഉണ്ടു്.

ശ്രീ. എൻ. കെ. ശേഷൻ: ഇതുമൂലം എത്ര ആൾക്കാർക്കു് തൊഴിൽ നൽകാൻ സാദ്ധ്യതയുണ്ടെന്നു് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഇപ്പോഴത്തെ ഉദ്ദേശിക്കുന്ന രീതിയിലാണെങ്കിൽ 400-നും 500-നും ഇടയ്ക്കു് ഡയറക്ടറും എംപ്ലോയ്മെന്റും 1500-നടുത്തു് ഇൻഡയറക്ടറും എംപ്ലോയ്മെന്റും ഉണ്ടായിരിക്കുന്നതാണു്.

ശ്രീ. എൻ. കെ. ശേഷൻ: ഗവണ്മെന്റു് ഷെയർ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഗവണ്മെന്റു് ഷെയർ എടുത്തിട്ടില്ല.

ശ്രീ. എ. പി. കുര്യൻ: ഇതിന്റെ ലൈസൻസ് ആക്കാണു് ഇൻഡ്യ ഗവണ്മെന്റിൽനിന്നു് ഇഷ്യു ചെയ്തിരിക്കുന്നതു്?

ശ്രീ. ടി. വി. തോമസ്: 'തോഷിബാ ആനന്ദ്' കമ്പനിക്കു്.

ശ്രീ. എ. പി. കുര്യൻ: തോഷിബാ ആനന്ദ് കമ്പനി മാനേജ്മെന്റു് അടുത്ത കാലത്തു് കരുതിക്കൂട്ടി നടത്തിയ ലാക്കൗട്ട് ഈ ഫാക്ടറി തുടങ്ങുന്നതിനെ നീട്ടിക്കൊണ്ടുപോകാനാണെന്നറിയുന്നതു് ശരിയാണോ?

ശ്രീ. ടി. വി. തോമസ്: ഈ ചോദ്യത്തിലടങ്ങിയിരിക്കുന്ന സൂചനയെ ഞാൻ ശക്തിയായി പ്രതിഷേധിക്കുകയാണു്.

ശ്രീ. എ. പി. കുര്യൻ: തോഷിബാ ആനന്ദ് കമ്പനിയിലെ ലാക്കൗട്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടു് അവസാനിപ്പിച്ചതു് ഏതു വ്യവസ്ഥയിലാണു്?

ശ്രീ. ടി. വി. തോമസ്: ലാക്കൗട്ട് അവസാനിച്ചിട്ടില്ല, അതു സംബന്ധിച്ചു് നാളെ ആലോചന നടത്താൻ നിശ്ചയിച്ചിരിക്കുകയാണു്.

ശ്രീ. എൻ. കെ. ശേഷൻ: പ്രോജക്ട് റിപ്പോർട്ടിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. കേന്ദ്രഗവണ്മെന്റിനു് അയച്ചുകൊടുത്ത റിപ്പോർട്ടിൽ പല മാറ്റങ്ങളും വരുത്താൻ നിർദ്ദേശിച്ചിട്ടുള്ളതായി കിംവദന്തിയുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ഭേദഗതിചെയ്തു് അയച്ചിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: അല്പസ്വല്പം വ്യത്യാസം വരുത്തണമെന്നു് നിർദ്ദേശിച്ചിരുന്നു. അതനുസരിച്ചുള്ള മാറ്റം വരുത്തിയതനുസരിച്ചാണു് അനുമതി നൽകിയതു്.

LIBRARY ARCHIVES Kerala Legislative Assembly